# കേരള തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ്

## ഡിസംബർ 2020







## സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് - അറിയേണ്ടതെല്ലാം

Prepared by :

**HSSTA ELECTION COMPANION**

### എന്താണ് സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ്?

കോവിഡ് 19 പോസിറ്റീവായ രോഗികൾക്കും സമ്പർക്കവിലക്കിൽ ഉള്ളവർക്കും പോളിംഗ് സ്റ്റേഷനിൽ നേരിട്ടെത്തി വോട്ട് ചെയ്യാൻ ആവാത്തതിനാൽ അവർക്ക് അനുവദിക്കുന്ന പോസ്റ്റൽ ബാലറ്റ് ആണ് സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ്.

### ആർക്ക് എപ്പോൾ ആണ് ഇത് ലഭിക്കുന്നത്?

വോട്ടെടുപ്പിന് തലേദിവസം മൂന്നുമണി മുതൽ 10 ദിവസം മുൻപ് വരെ ഉള്ളവരെയാണ് സ്പെഷ്യൽ പോസ്റ്റൽ ബാലറ്റിനു അർഹർ.

### ആരാണിവരെ കണ്ടെത്തുന്നത്?

ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ (DHO ) ആണ് ഇത്തരം ആളുകളുടെ സർട്ടിഫൈഡ് ലിസ്റ്റ് (CL)തയ്യാർ ചെയ്യുന്നത്.

### എപ്പോഴാണ് ഈ ലിസ്റ്റ് തയ്യാറാക്കുന്നത്?

വോട്ടെടുപ്പിന് 10 ദിവസം മുൻപ് ആദ്യപട്ടിക തയ്യാറാക്കണം പിന്നെ എല്ലാ ദിവസവും

### എങ്ങനെയാണ് ഈ പട്ടിക തയ്യാർ ചെയ്യുന്നത്?

ആശുപത്രിയിൽ അഡ്മിറ്റ് ആയവരുടെ പട്ടിക DHO നേരിട്ട് ശേഖരിക്കണം. അല്ലാത്തവർ ഡി എച്ച് ഒ യെ നേരിട്ട് ബന്ധപ്പെടണം.

### മറ്റൊരു ജില്ലയിൽ വോട്ടവകാശമുള്ളവരെ സംബന്ധിച്ചോ?

സർട്ടിഫൈഡ് ലിസ്റ്റ് രണ്ടു പാർട്ട് ആയി തയ്യാർ ചെയ്യണം. പാർട്ട് 1 അതേ ജില്ലയിലെ വോട്ടർമാർ, പാർട്ട് 2 മറ്റൊരു ജില്ലയിലെ വോട്ടർമാർ. പാർട്ട് 2 ആ ജില്ലയിലെ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നൽകണം

### സർട്ടിഫൈഡ് ലിസ്റ്റ് പബ്ലിഷ് ചെയ്യാമോ? സർട്ടിഫൈഡ് ലിസ്റ്റ് ആർക്ക് കൈമാറണം?

സർട്ടിഫൈഡ് ലിസ്റ്റ് ഗ്രൂപ്പ് ഒന്ന് ആയും ഗ്രൂപ്പ് രണ്ടായും വേർതിരിക്കാം ഗ്രൂപ്പ് ഒന്ന് കോവിഡ പോസിറ്റീവ് ആളുകൾ ഉൾപ്പെടുന്നു. ഗ്രൂപ്പ് രണ്ടിൽ സമ്പർക്കവിലക്കിൽ ഉള്ളവർ ഉൾപ്പെടുന്നു. ഗ്രൂപ്പ് 2 ലിസ്റ്റ് പബ്ലിഷ് ചെയ്യാം എന്നാൽ ഗ്രൂപ്പ് ഒന്ന് അതായത് പോസിറ്റീവ് ആയവരുടെ ലിസ്റ്റ് പബ്ലിഷ് ചെയ്യാൻ പാടില്ല.

സർട്ടിഫൈഡ് ലിസ്റ്റ് വരണാധികാരിക്ക് കൈമാറണം

### സ്പെഷ്യൽ പോസ്റ്റൽ വോട്ടിനുള്ള ഫോമുകൾ ഏവ?

- 19 A CERTIFIED LIST
- 19 B അപേക്ഷ
- 19 D, CL ൽ ഉൾപ്പെടാത്തവർക്കുള്ള അപേക്ഷ

**കോവിഡ് പോസിറ്റീവ് ആയവർക്കും സമ്പർക്കവിലക്കിൽ ഉള്ളവർക്കും പോസ്റ്റൽ ബാലറ്റ് എങ്ങനെ ലഭിക്കും?**

ഇത്തരക്കാർക്ക് പോസ്റ്റൽ ബാലറ്റ് ലഭിക്കുവാൻ തക്കവണ്ണം സ്പെഷ്യൽ പോളിംഗ് ഓഫീസറെയും സ്പെഷ്യൽ പോളിംഗ് അസിസ്റ്റൻറ് നെയും പ്രത്യേകം നിയമിച്ചിട്ടുണ്ട്. ഇവർ അപേക്ഷയും സത്യപ്രസ്താവനയും ബാലറ്റ് പേപ്പർ തുടങ്ങി മറ്റ ഫോമുകൾ സഹിതം ഇത്തരം സ്പെഷ്യൽ വോട്ടറുടെ അടുത്തു ചെല്ലണം.

**വോട്ടിംഗ് രീതി എങ്ങനെയാണ്?**

സാധാരണ പോസ്റ്റൽ വോട്ടിങ്ങിന് അനുവർത്തിക്കുന്ന എല്ലാ രീതികളും ഇതിലും അനുവർത്തിക്കാം.

**സത്യപ്രസ്താവന ഫോം 16 ആര് സാക്ഷ്യപ്പെടുത്തും?**

ആശുപത്രിയിൽ അഡ്മിറ്റ് ആയവരുടെ കാര്യത്തിൽ മെഡിക്കൽ ഓഫീസർക്കു ഫോം 16 സാക്ഷ്യപ്പെടുത്താൻ സാധിക്കും. അല്ലാത്തവർക്ക് സ്പെഷ്യൽ പോളിങ് ഓഫീസർ സത്യപ്രസ്താവന സാക്ഷ്യപ്പെടുത്തിയാൽ മതിയാകും.

**എങ്ങനെയാണ് ഈ പോസ്റ്റൽ ബാലറ്റ് തിരികെ ഏൽപ്പിക്കുന്നത്?**

സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് എത്തിക്കുന്ന സ്പെഷ്യൽ പോളിങ് ഓഫീസർ അപ്പോൾ തന്നെ എല്ലാ ക്രമീകരണങ്ങളും പൂർത്തിയാക്കി വോട്ട് ചെയ്തു കവറിൽ പോസ്റ്റൽ ബാലറ്റ് തിരികെ വാങ്ങി വോട്ടിംഗ് പ്രോസസ് പൂർത്തീകരിക്കും. അപ്പോൾ വോട്ട് ചെയ്യാൻ താല്പര്യമില്ലാത്തവർക്ക് പിന്നീട് വോട്ട് ചെയ്ത് പോസ്റ്റൽ സർവീസിലൂടെ സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് അയച്ചു കൊടുക്കുവാൻ സാധിക്കും.

**സ്പെഷ്യൽ പോസ്റ്റൽബാലറ്റ് ഉപയോഗിച്ച് വോട്ട് ചെയ്യുവരെ എങ്ങനെയാണ് വോട്ടർപട്ടികയിൽ കാണിക്കുന്നത്?**

സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് കൈപ്പറ്റിയവരെ വോട്ടർപട്ടികയിൽ എസ് പി ബി (SPB) എന്നു എഴുതി ചേർക്കും ഇങ്ങനെ എഴുതി ചേർത്തവർക്ക് ബൂത്തുകളിൽ വോട്ട് ചെയ്യാൻ അനുവാദം ഉണ്ടായിരിക്കില്ല.

**DHO യുടെ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടാത്ത വർക്ക് പോസ്റ്റൽ ബാലറ്റ് ഉപയോഗിച്ച് വോട്ട് ചെയ്യാൻ സാധിക്കുമോ?**

സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് ഉപയോഗിച്ച് വോട്ട് രേഖപ്പെടുത്താവുന്നതാണ്. അതിനായി അവർ 19 ഡി പ്രകാരം അപേക്ഷിക്കുകയും അപേക്ഷയോടൊപ്പം 19c (കോവിഡ് സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്) ഉൾപ്പെടുത്തുകയും ചെയ്യണം.ഇങ്ങനെ ഉൾപ്പെട്ടവർക്ക് പോസ്റ്റൽ ബാലറ്റ് വാങ്ങി വോട്ട് ചെയ്യാവുന്നതാണ്.

**വോട്ടെടുപ്പിന് തലേദിവസം മൂന്ന് മണിക്ക് ശേഷം പോസിറ്റീവ് ആയവരെ സംബന്ധിച്ച് എങ്ങനെയാണ് വോട്ട് ചെയ്യുന്നത്?**

വോട്ടെടുപ്പിന് തലേദിവസം മൂന്ന് മണിക്ക് ശേഷം സർട്ടിഫൈഡ് ലിസ്റ്റിൽ വരുന്നവർക്ക് സുരക്ഷാക്രമീകരണങ്ങളോടുകൂടി പോളിംഗ് സ്റ്റേഷനിൽ നേരിട്ടെത്തി വോട്ട് ചെയ്യാവുന്നതാണ്.

### ഇവർ എങ്ങനെ പോളിംഗ് സ്റ്റേഷനിൽ എത്തിച്ചേരും?

സർക്കാർസംവിധാനങ്ങളിലോ ആശുപത്രികളിലോ ഉള്ളവരെ ആരോഗ്യ വകുപ്പ് നേരിട്ട് പോളിംഗ് സ്റ്റേഷനുകളിൽ എത്തിക്കും. അല്ലാത്തവർ സ്വന്തം നിലയിൽ ക്രമീകരണം നടത്തേണ്ടതുണ്ട്. ഇങ്ങനെ എത്തുന്നവർ PPE കിറ്റ് ധരിച്ച മാത്രമേ പോളിംഗ് സ്റ്റേഷനുള്ളിൽ പ്രവേശിക്കാവൂ.

### എപ്പോഴാണ് കൊവിഡ് പോസിറ്റീവ് ആയവർക്ക് പോളിംഗ് സ്റ്റേഷനിൽ വോട്ട് ചെയ്യാൻ സാധിക്കുന്നത്?

വോട്ടെടുപ്പിന് അവസാന മണിക്കൂറിൽ അതായത് 5 മണി മുതൽ 6 മണി വരെയുള്ള സമയത്താണ് പോസിറ്റീവായവർക്ക് പോളിംഗ് സ്റ്റേഷനിൽ എത്തി വോട്ട് ചെയ്യാൻ സാധിക്കുന്നത്. എന്നാൽ അപ്പോൾ നിരയിൽ ഉള്ള എല്ലാ സാധാരണ ആളുകളും വോട്ട് ചെയ്ത ശേഷവും അവസാന മണിക്കൂറിൽ ടോക്കൺ കൊടുത്തു നിർത്തിയിരിക്കുന്ന അവസാനയാളും വോട്ട് ചെയ്തതിനു ശേഷവും മാത്രമേ പോസിറ്റീവായ വർക്ക് പോളിംഗ് സ്റ്റേഷനുകളിൽ നേരിട്ട് വോട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ.

### ഇത്തരം സ്പെഷ്യൽ വോട്ടർമാർക്ക് വോട്ടിംഗ് പ്രക്രിയയിൽ എന്തെങ്കിലും മാറ്റം ഉണ്ടോ?

ഇല്ല, സാധാരണ വോട്ടർ വോട്ടിംഗ് പ്രക്രിയയിൽ അനുവർത്തിക്കുന്ന എല്ലാ നടപടിക്രമങ്ങളും സ്പെഷ്യൽ വോട്ടർമാരുടെ കാര്യത്തിലും അതായത് കോവിഡ് പോസിറ്റീവായി, സുരക്ഷാക്രമീകരണങ്ങളോടുകൂടി പോളിംഗ് സ്റ്റേഷനിലെത്തി വോട്ട് ചെയ്യുന്ന ആളുകളുടെ കാര്യത്തിലും അനുവർത്തിക്കണം

### പോളിംഗ് ഓഫീസേഴ്സ് സുരക്ഷാക്രമീകരണങ്ങൾ എടുക്കേണ്ടതുണ്ടോ?

തീർച്ചയായും. കോവിഡ് പോസിറ്റീവായ ആളുകൾ പോളിംഗ് സ്റ്റേഷനിൽ നേരിട്ടെത്തി വോട്ട് ചെയ്യുമ്പോൾ പോളിംഗ് ഉദ്യോഗസ്ഥരും സുരക്ഷാക്രമീകരണങ്ങൾ ധരിക്കേണ്ടത് ഉണ്ട്. (PPE KIT).

### സ്പെഷ്യൽ പോസ്റ്റൽ ബാലറ്റിനും സാധാരണ പോസ്റ്റിൽ ബലാറ്റിനും വ്യത്യാസമുണ്ടോ?

ഇല്ല. സ്പെഷ്യൽ പോസ്റ്റൽ ബാലറ്റും സാധാരണ പോസ്റ്റൽ ബാലറ്റും ഒരുപോലെ തന്നെയാണ്.

## സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് വിതരണത്തിന് അധിക മാർഗനിർദേശങ്ങൾ

കോവിഡ് ബാധിതർക്കും ക്വാറന്റീനിൽ ഉള്ളവർക്കും ഏർപ്പെടുത്തിയ സ്പെഷ്യൽ പോസ്റ്റൽ ബാലറ്റുകൾ വിതരണം ചെയ്യുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അധിക മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് നേരിട്ട് നൽകുന്നതിന് പ്രിസൈഡിംഗ് ഓഫീസർക്ക് സമാനമായ തസ്തികയിലുള്ളവർ വേണമെന്ന് നിർബന്ധമില്ല. സ്പെഷ്യൽ പോളിംഗ് ഓഫീസർമാരായി വില്ലേജ് ഓഫീസർ തസ്തികയിലുള്ളവരെയോ അതിന് സമാനമായ തസ്തികയിലുള്ളവരെയോ കൂടി പരിഗണിക്കും.

സ്പെഷ്യൽ വോട്ടർ ഫാറം 19 ബി യിലെ അപേക്ഷ കൈപ്പറ്റി ഒപ്പിട്ട് നൽകുകയും ബാലറ്റ് പേപ്പർ കൈമാറുകയും ചെയ്താൽ മാർക്ക്ഡ് കോപ്പിയിൽ അയാളുടെ പേരിന് നേരെ ചുവന്ന മഷികൊണ്ട് SPB എന്ന് മാർക്ക് ചെയ്യണം. ബാലറ്റിനുള്ള അപേക്ഷ ഒപ്പിട്ട് നൽകാൻ വിസമ്മതിച്ചാൽ മാർക്ക്ഡ് കോപ്പിയിൽ SPB Refused എന്ന് രേഖപ്പെടുത്തണം. ഈ രണ്ട് വിഭാഗങ്ങളിലും പെടാത്ത സർട്ടിഫൈഡ് ലിസ്റ്റിലുള്ള സ്പെഷ്യൽ വോട്ടർമാരുടെ പേരിന് നേരെ മാർക്ക്ഡ് കോപ്പിയിൽ SV

എന്നും മാർക്ക് ചെയ്യണം. ഇവർക്ക് പോളിംഗ് സ്റ്റേഷനിൽ പോയി വോട്ടു ചെയ്യാൻ സാധിക്കില്ല. സ്പെഷ്യൽ വോട്ടർക്ക് വോട്ടുചെയ്യുന്നതിന് ആവശ്യമായ പേന, മഷി പാഡ്, ഗ്ലൂ സ്റ്റിക് മറ്റ് തിരഞ്ഞെടുപ്പ് സാധനങ്ങൾ എന്നിവ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ അനുമതിയോടെ വരണാധികാരികളാണ് നൽകേണ്ടത്.

സ്പെഷ്യൽ ബാലറ്റിനായി വോട്ടെടുപ്പിന് തലേ ദിവസം വൈകിട്ട് മൂന്ന് വരെ നേരിട്ടോ തപാൽ വഴിയോ ലഭിക്കുന്ന അപേക്ഷകൾക്ക് വൈകിട്ട് ആറിന് മുമ്പ് തന്നെ പോസ്റ്റൽ ബാലറ്റുകൾ അയക്കണം. ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ നൽകുന്ന സർട്ടിഫൈഡ് ലിസ്റ്റിലെ വോട്ടറുടെ പേരോ മറ്റ് വിവരങ്ങളോ സംബന്ധിച്ച് എന്തെങ്കിലും അവ്യക്തതയുണ്ടെങ്കിൽ പ്രസ്തുത തദ്ദേശസ്ഥാപനത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുമായി ബന്ധപ്പെട്ട് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ / വരണാധികാരി വ്യക്തത വരുത്തണം.

വോട്ടെടുപ്പിന്റെ തലേ ദിവസം വൈകിട്ട് മൂന്ന് മുതൽ വോട്ടെടുപ്പ് അവസാനിക്കുന്നതുവരെ കോവിഡ് പോസിറ്റീവ് ആകുന്നവർക്കും ക്വാറന്റീനിൽ ഉള്ളവർക്കും പോളിംഗ് സ്റ്റേഷനിൽ നേരിട്ടെത്തി വോട്ടു ചെയ്യാം. അതിനായി വോട്ടർമാർ വൈകിട്ട് ആറിന് മുമ്പ് പോളിംഗ് സ്റ്റേഷനിൽ എത്തണം. എന്നാൽ ആറിന് ക്യൂ വിലുള്ള മുഴുവൻ സാധാരണ വോട്ടർമാരും വോട്ടുചെയ്തതിനുശേഷം മാത്രമേ വോട്ടു ചെയ്യാൻ അനുവദിക്കൂ. അവർ പോളിംഗ് സ്റ്റേഷനിൽ കയറുന്നതിന് മുമ്പ് പോളിംഗ് ഉദ്യോഗസ്ഥരും ഏജന്റ്മാരും നിർബന്ധമായും പിപിഇ കിറ്റ് ധരിച്ചിരിക്കണം. സർക്കാർ നിയന്ത്രിതമല്ലാത്ത സ്ഥാപനങ്ങളിലോ വീടുകളിലോ കഴിയുന്ന സ്പെഷ്യൽ വോട്ടർമാർ സ്വന്തം ചെലവിൽ പിപിഇ കിറ്റ് ധരിച്ച് എത്തണം. വോട്ട് ചെയ്തതിന് ശേഷം എല്ലാവരുടെയും പിപിഇ കിറ്റ് ഉൾപ്പെടെയുള്ള കോവിഡ് പ്രതിരോധ ഉപാധികൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം നശിപ്പിക്കണം.